# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5556 — 18.11.2019 ൽ മറുപടിക്ക്

**നവോത്ഥാന മൂല്യ സംരക്ഷണ സമിതിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവോത്ഥാന മൂല്യ സംരക്ഷണത്തിനായി രൂപീകരിച്ച സമിതിയ്ക്ക് സ്ഥിരം സംഘടനാ സംവിധാനം ഒരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ), (ബി), & (സി) | നവോത്ഥാന മൂല്യ സംരക്ഷണ സമിതിക്ക് സ്ഥിരം സംഘടനാ സംവിധാനമുണ്ടാക്കാൻ, തീരുമാനിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം വിപുലമായി താഴെ തലത്തിലേക്ക് കൊണ്ടുപോകുന്നതിന്റെ ഭാഗമായാണ് സംഘടനാ സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടുള്ളത്. നവോത്ഥാന മൂല്യ സംരക്ഷണ സമിതിക്ക് ഇതിനകം തന്നെ കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ നല്ല സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. നവോത്ഥാനം എന്നത് ഒരു നിരന്തര പ്രക്രിയയാണ്. സാമൂഹ്യമായ ഉച്ച നീചത്വങ്ങൾ നിലനിൽക്കുന്ന കാലം വരെ നവോത്ഥാന മൂല്യ സംരക്ഷണ സമിതിക്ക് പ്രാധാന്യം ഉണ്ട്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ട ആവശ്യകത സംബന്ധിച്ച് കേരളീയ പൊതു സമൂഹത്തിൽ ഒരു അവബോധം വളർത്തിയെടുക്കാൻ ഇതുവരെയുള്ള പ്രവർത്തനം കൊണ്ട് സമിതിക്ക് സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമിതിയുടെ പ്രവർത്തനം വിപുലീകരിക്കുവാനും താഴെ തലങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ടോ; | | |
| (സി) | ഈ സമിതിയുടെ പ്രവർത്തനം മൂലം കേരള സമൂഹത്തിൽ ഇതിനകം കൊണ്ടുവരുവാൻ കഴിഞ്ഞ മാറ്റങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**